# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4704 — 28.06.2013-ലെ മറുപടിയ്ക്ക്

## പ്ലാൻ ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്ന റോഡുകളുടെ വീതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ഡോ: എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്ന പഞ്ചായത്ത് അതിർത്തിയിലെ റോഡുകൾക്ക് ചുരുങ്ങിയത് നിശ്ചിത വീതി ഉണ്ടാകണമെന്ന് നിഷ്ക്കർഷിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടോ ; ഇത് എത്രയാണ് ; ഉത്തരവിന്റെ കോപ്പി ഹാജരാക്കാമോ ; എന്നു മുതലുള്ള പദ്ധതികൾക്കാണ് ഇത് ബാധകമാക്കിയിട്ടുള്ളത്; | (എ) | ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി പണം വിനിയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾക്ക് ചുരുങ്ങിയ വീതി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | പട്ടികജാതി - പട്ടിക വർഗ്ഗ കോളനികളിലും ലക്ഷം വീടു കോളനികളിലും മറ്റും റോഡുകൾക്ക് മിനിമം വീതി നിർദ്ദേശിക്കപ്പെടുന്നതുവഴി, അടിസ്ഥാന സൗകര്യ വികസനം അട്ടിമറിക്കപ്പെടും എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | പട്ടിക വർഗ്ഗ കോളനികളിലേയ്ക്കുള്ള നടപ്പാതയുടെ വീതിയുടെ പരിധി 3 മീറ്ററായി നിജപ്പെടുത്തിയിട്ടുള്ളതും എസ്.സി.പി/റ്റി.എസ്.പി ഫണ്ട് വിഹിതം കോളനിയ്ക്കുള്ളിലെ റോഡുകളുടെ കാര്യത്തിനായി മാത്രം പരിമിതപ്പെടുത്തിയിട്ടുള്ളതും എസ്.സി.പി/റ്റി.എസ്.പി ഫണ്ട് വിഹിതത്തിന്റെ ദുരുപയോഗം തടയുന്നതും വകമാറ്റി ചെലവഴിക്കൽ തടയുന്നതും ഉദ്ദേശിച്ചാണ്. അതിനാൽ അടിസ്ഥാനസൗകര്യ വികസനം അട്ടിമറിക്കപ്പെടുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | 3 മീറ്ററിൽ താഴെ മാത്രം വീതി വരുന്ന ഫുട്പാത്തുകൾ ഉൾപ്പെടെയുള്ള നടപ്പുവഴികളുടെ നിർമ്മാണവും മെയിന്റനൻസും നടത്തുന്നതിന് പ്ലാൻ ഫണ്ട് ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവ് ഇറക്കാൻ തയ്യാറാകുമോ ? | (സി) | 18.08.2012-ലെ സ.ഉ(എം.എസ്)നം. 225/2012/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പട്ടികവർഗ്ഗ കോളനികളിലേയ്ക്കുള്ള നടപ്പാതകൾക്കായി ഗുണഭോക്താക്കളുടെ വിഭാഗം അനുസരിച്ച് ആനുപാതികമായി പൊതു-എസ്.സി.പി ഫണ്ടുകൾ ഉപയോഗിക്കാമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ